**കേരള കാർഷിക സർവകലാശാല വാർത്തകൾ**
**(ഡിസംബർ 14 –20, 2018)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**e-mail: ccmannuthy@kau.in, Phone:0487– 2370773)**

No. C3/4/2018/- 52 Dt.13 .12. 2018

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

നെല്ലിന് ബാക്ടീരിയൽ വാട്ടം കണ്ടുവരുന്നു. കൊടിയോല പ്രായം മുതൽ കതിര് നിരക്കുന്നതു വരെയുള്ള സമയങ്ങളിൽ ഓലകരിച്ചിലും മഞ്ഞളിപ്പും കാണുന്നത് നെല്ലിൽ ബാക്ടീരിയൽ വാട്ടത്തിന്റെ പ്രധാന ലക്ഷണമാണ്. രോഗം വെള്ളത്തിലൂടെ വേഗം വ്യാപിക്കുമെന്നതിനാൽ ഏക്കറിന് ഒരു കിലോഗ്രാം ബ്ലീച്ചിങ്ങ് പൗഡർ കിഴി കെട്ടി വെള്ളം പോകുന്ന ചാലിൽ അവിടവിടെയായി ഇട്ടു കൊടുക്കണം. കൂടാതെ ഒരു കിലോഗ്രാം *സ്യൂഡോമോണസ് ഫ്ളൂറസൻസ്* എന്ന ബാക്ടീരിയപ്പൊടി 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടിയോ അല്ലെങ്കിൽ മണലുമായോ ചേർത്ത് മണ്ണിൽ ഇട്ടു കൊടുക്കണം. ഇതിന് പറ്റുന്നില്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണസ് പൊടി അല്ലെങ്കിൽ 5 മില്ലി ലിറ്റർ ലായനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഒരേക്കറിന് 200 ലിറ്റർ വെള്ളം വേണ്ടി വരും.

നെൽപാടങ്ങളിൽ ചാഴിശല്യം നിയന്ത്രിക്കുന്നതിന് വെളുത്തുള്ളി – വേപ്പെണ്ണ സോപ്പ് മിശ്രിതം പ്രയോജനപ്രദമാണ്. കീടനാശിനിപ്രയോഗം ആവശ്യമായി വന്നാൽ വിഷവീര്യം കുറഞ്ഞ സ്പർശന ശക്തിയുള്ള കീടനാശിനികളുപയോഗിക്കുക. കീടനാശിനി അടിക്കുമ്പോൾ പുറത്ത് നിന്ന് വട്ടം ചുറ്റി മരുന്ന് തളിച്ച് ഉള്ളിലേക്ക് വരണം. രാവിലെ 9 മണിക്ക് മുമ്പോ ഉച്ചതിരിഞ്ഞ് 3 മണിക്ക് ശേഷമോ മാത്രം മരുന്ന് തളിക്കുക.

മാവിന്റെ കായീച്ചയ്ക്കുള്ള കായീച്ചക്കെണി മാവ് 50% പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പാളയൻകോടൻ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടക്കെണികളും (2 മില്ലി മാലത്തിയോൺ ഒരു കിലോ മിശ്രിതത്തിന്) കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻതോട്ടത്തിന് അഞ്ചെണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370773** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

മാവിന് കാണുന്ന ഒരു രോഗമാണ് കൊമ്പുണക്കം. തണ്ടുകൾ മുകളിൽ നിന്നും താഴോട്ട് ഉണങ്ങി കരിഞ്ഞു പോകുന്നതാണ് ഇതിന്റെ ലക്ഷണം. ഇത് നിയന്തിക്കുന്നതിനായി ഉണക്ക് ബാധിച്ച ചില്ലകൾ രോഗം ബാധിച്ച ഭാഗത്തിന് തൊട്ട് താഴെ വച്ച് മുറിച്ചു മാറ്റിയ ശേഷം അവ കത്തിച്ചു കളയുക. മുറിപ്പാടിൽ കോപ്പർ ഓക്സിക്ലോറൈഡോ (0.3%) ബോർഡോ കുഴമ്പോ (10%) പുരട്ടണം. കൂടാതെ 1 – 2% വീര്യത്തിൽ സ്യൂഡോമോണാസോ / 1% ബോർഡോ മിശ്രിതമോ ഏതെങ്കിലും ഒന്ന് കൊമ്പുകളിലും ഇലകളിലും വീഴത്തക്കവിധം തളിച്ചുകൊടുക്കുകയും വേണം.

വേനൽക്കാല വെള്ളരി വർഗ്ഗ വിളകൾക്ക് കായീച്ചയുടെ ഉപദ്രവം കൂടുതലാണ്. കായീച്ചയെ നിയന്ത്രിക്കാൻ പഴക്കെണികളോ ഫെറമോൺ കെണികളോ വയ്ക്കുക.

കായീച്ചയുടെ പുഴുക്കൾ മണ്ണിലാണ് വളരുന്നത് എന്നതിനാൽ നിലത്തു വീഴുന്ന കേടുവന്ന കായ്കൾ പെറുക്കി തീയിട്ട് നശിപ്പിക്കുകയും വേണം. ഈ വിളകളിൽ കാണുന്ന കുരുടിപ്പ് എന്ന വൈറസ് രോഗം പരത്തുന്നത് വെള്ളീച്ച, മുഞ്ഞ എന്നിങ്ങനെയുള്ള നീരൂറ്റിക്കുടിക്കുന്ന ചെറുപ്രാണികളാണ്. വേപ്പെണ്ണ – വെളുത്തുള്ളി മിശ്രിതം തളിച്ച് ഈ പ്രാണികളെ നിയന്ത്രിക്കണം. ഇതിനോടൊപ്പം തന്നെ രോഗം വന്ന ചെടികൾ നീക്കം ചെയ്ത് നശിപ്പിക്കുകയും ചെയ്യണം. തുടക്കം മുതൽ മഞ്ഞക്കെണി, പശയുള്ള ഏതെങ്കിലും എണ്ണ മഞ്ഞ തകിടിലോ ബോർഡിലോ തേച്ചു പിടിപ്പിച്ചതിനുശേഷം തോട്ടത്തിൽ സ്ഥാപിക്കുക വഴി ഈ പ്രാണികളെ ആകർഷിച്ച് നശിപ്പിക്കാം.

നേന്ത്ര വാഴകളിൽ കാണുന്ന പിണ്ടിപ്പുഴുവിനെതിരെ മുൻകരുതലായി വേപ്പെണ്ണ സോപ്പ് മിശ്രിതം 2% വീര്യത്തിൽ തയ്യാറാക്കി തടയിൽ തളിച്ചു കൊടുക്കുക. കൂടാതെ വാഴത്തടകളിൽ 4 മാസം മുതൽ ചെളിക്കുഴമ്പ് തേച്ച് പിടിപ്പിക്കുന്നത് ഫലപ്രദമാണ്. മെറ്റാറൈസിയം എന്ന ജീവാണു കൾച്ചർ ഇലക്കവിളുകളിൽ ഇട്ടു കൊടുക്കുന്നത് തണ്ടുതുരപ്പനെതിരെ ഫലപ്രദമാണ്.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

**അറിയിപ്പ്**

1. കേരള കാർഷിക സർവ്വകലാശാല ത്രൈമാസിക പ്രസിദ്ധീകരമായ കല്പധേനുവിന്റെ വരിക്കാരാകാൻ താല്പര്യമുള്ളവർ 0487-2370773, 9605612478, 9447789728 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക. വരിസംഖ്യാ നിരക്ക് ഒരു വർഷത്തേക്ക് 125 രൂപ, 5 വർഷത്തേക്ക് 500 രൂപ.

2. മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലെ എക്കോഷോപ്പിൽ നിന്ന് ജൈവീക കീട നിയന്ത്രണത്തിനുള്ള സ്യൂഡോമോണാസ്, ബ്യുവേറിയ, ട്രൈക്കോഡെർമ എന്നീ ജീവാണുകൾച്ചറുകളുടെ ചെറിയ പായ്ക്കറ്റുകളും ജൈവകീടനാശിനിയായ വേപ്പിൻകുരുവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ-0487-2370773.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ കോഴിവളർത്തൽ എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500/- രൂപ രജിസ്ട്രേഷൻ ഫീസോടെ 2018 ഡിസംബർ 15-ാം തീയതി നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487-2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഒപ്പ്/-**
**പ്രൊഫസർ & ഹെഡ്**